WEDNESDAY 11-05-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/05/2022.

1. സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ഇളവിനായി അപേക്ഷിക്കാനുള്ള തീയതി രണ്ട് വർഷത്തേക്ക് കൂടി നീട്ടി. ഇതുപ്രകാരം ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ഓഗസ്റ്റ് 31 വരെയുമുള്ള വായ്പകൾക്ക് കടാശ്വാസകമ്മീഷൻ പരിധിയിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്.

2. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വച്ച് **ഇന്ന് മുതൽ 17 വരെ** (മെയ് 11 മുതൽ 17 വരെ) നടക്കുന്ന പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരിശോധനാഫലത്തോടൊപ്പം ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ മണ്ണാരോഗ്യകാർഡ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468-2323105** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ജില്ലയിലെ ജെഴ്സിഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ 12 മരങ്ങൾ ഈ മാസം നാളെ (മേയ് 12) പകൽ 12 മണിക്ക് ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നാളെ (മേയ് 12) ലേലത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9846671074** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ചെറ്റച്ചൽ ഫാമിൽ നിന്നും ഇന്നു (മേയ് 11) വിരിയുന്ന വനരാജ, ഗ്രാമപ്രിയ, ശ്രീനിധി എന്നീ കോഴിക്കുഞ്ഞുങ്ങൾ ഇന്നു (മെയ് 11) മുതൽ വിതരണത്തിന് തയ്യാറായിരിക്കുന്നു. പൂവനും പിടയും തരം തിരിക്കാത്ത കുഞ്ഞ് ഒന്നിന് 18 രൂപയാണ് വില. താത്പര്യമുള്ളവർ **9846443968, 8592085878, 9845491459, 9074617392** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡിന് അപേക്ഷ നൽകിയിട്ടുള്ളതിൽ പാൽക്കാർഡ് ലഭിക്കാത്ത അപേക്ഷകർക്ക് പാൽക്കാർഡ് വിതരണം ഈ **മാസം 13** വരെ (മെയ് 13) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണിവരെ നടത്തുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.

7. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഒന്നാകെ നടപ്പിലാക്കുന്ന **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കോഴിക്കോട് കോർപ്പറേഷൻ ചെയർ പേഴ്സൺ ഡോ. ബീന ഫിലിപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി എ മുഹമദ് റിയാസ് ടാഗോർ സെന്റിനറി ഹാളിൽ വെച്ച് നിർവഹിച്ചു. സാങ്കേതികവിദ്യകളും കൃഷിരീതികളും പദ്ധതികളും കർഷകരിലേക്കെത്തിക്കണമെന്നും കർഷകരുടെ ആവശ്യങ്ങൾ സമയബന്ധിതമായി ചെയ്തു കൊടുക്കുവാൻ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും തദവസരത്തിൽ മന്ത്രി ഓർമ്മിപ്പിച്ചു. കേരളത്തിലാകെ 10000 ഹെക്ടർ ജൈവകൃഷി, 10000 കൃഷി കൂട്ടങ്ങൾ, 140 ഹരിത പോഷക കാർബൺ തൂലിത ഗ്രാമങ്ങൾ, ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ, തുടങ്ങിയ വിവിധ ലക്ഷ്യങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പഞ്ചായത്തു തലത്തിലും വാർഡ് തലത്തിലും കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ഉത്പാദനം, സംഭരണം, വിപണനം, മൂല്യവർധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനും മണ്ണ് ജല ജൈവസമ്പത്തുകളെ സംരക്ഷിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (മേയ് 05) രാവിലെ 11 മണിക്ക് **വിരിപ്പ് കൃഷിക്ക് മുന്നൊരുക്കം- രോഗങ്ങളെ ചെറുത്തു നിൽക്കാം** എന്ന വിഷയത്തിൽ എഫ്.ഐ.ബി

കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

9. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **പശുവളർത്തൽ** എന്ന വിഷയത്തിൽ നാളെ (12 /05 /22ന് ) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491-2815454** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചു മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് (18/05/22) രാവിലെ 10 മണി മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ആനന്ദഗ്രാമം പദ്ധതി**യിലേയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ **പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ** എന്നിവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ നടത്തുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ **ഈ മാസം 25-ന് (മേയ് 25)** മുമ്പായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും **9447863474** എന്ന നമ്പരിൽ കാട്ടാക്കട സീനിയർ വെറ്ററിനറി സർജനുമായി ബന്ധപ്പെടുക.

12. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും** " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി മെയ് 16 ന് തുടങ്ങുന്നു . രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി മെയ് 15 ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾ ആവശ്യപ്പെട്ടാൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

13. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (മേയ് 12) **പോത്ത് വളർത്തൽ,** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

14. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (മെയ് 12,13) **മുട്ടക്കോഴി വളർത്തലിൽ** പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479–2457778, 0479–2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം